**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2043** — **09-12-2022 - ൽ മറുപടിയ്ക്ക്**

**നിഷിനെ സർവ്വകലാശാലയായി ഉയർത്തുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. എ. പ്രഭാകരൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭിന്നശേഷി മേഖലയിലും ഭിന്നശേഷി പുനരധിവാസ മേഖലയിലും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | (എ) സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖാന്തിരം ഭിന്നശേഷിക്കാർക്കായി നടത്തുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്താൻ കേരള സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയാണ് കൈവല്യ.<br><br>കൈവല്യ പദ്ധതിക്ക് നാല് ഘടകങ്ങൾ ഉണ്ട്.<br><br>I. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്<br><br>II. കപ്പാസിറ്റി ബിൽഡിംഗ്<br><br>III.മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി<br><br>IV. സ്വയം തൊഴിൽ വായ്പ പദ്ധതി<br><br>സ്വയം തൊഴിൽ വായ്പ പദ്ധതി മുഖേന സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പലിശരഹിത വായ്പ 50,000/- (അൻപതിനായിരം) രൂപ അനുവദിക്കുന്നു. വായ്പതുകയുടെ 50 ശതമാനം പരമാവധി 25,000/- (ഇരുപത്തയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു.<br><br>**ഈ സർക്കാർ 2021-ൽ അധികാരത്തിൽ വന്ന ശേഷം, 1603 അപേക്ഷകർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പ അനുവദിക്കുകയും, ആയതിലേക്കായി 8,01,50,000/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.** |

**മറ്റ് ഘടക പദ്ധതികൾക്ക് ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ നൽകുന്നു.**

| **ഘടക പദ്ധതികൾ** | **ചിലവഴിച്ച തുക** |
|---|---|
| വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് | 30,000/- |
| കപ്പാസിറ്റി ബിൽഡിംഗ് | 1,30,000/- |
| മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി (25 മുതൽ 30 ദിവസം വരെ) | 12,00,000/- |

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം NIPMR ഭിന്നശേഷി മേഖലയിലും ഭിന്നശേഷി പുനരധിവാസ മേഖലയിലും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. NIPMR–ൽ ഭിന്നശേഷിക്കാർക്കായി ഫിസിയോ തെറാപ്പി, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി, ബിഹേവിയറൽ തെറാപ്പി, ഡെവലപ്പ്മെന്റൽ തെറാപ്പി, ഡയറ്റിക്സ് സേവനങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, ഇന്റെലെക്ച്ചൽ ഡിസെബിലിറ്റി ബാധിതരായ കുട്ടികൾക്കുള്ള പ്രത്യേക വിദ്യാഭ്യാസത്തിനായുള്ള സ്പെഷ്യൽ സ്കൂളുകൾ, ഓഡിയോ ആന്റ് സ്പീച്ച് സയൻസ് ലാബുകൾ, IQ ടെസ്റ്റ്, ഫിസിയാട്രിസ്റ്റ്, ഡെവലപ്പ്മെന്റൽ പീഡിയാട്രിഷ്യൻ എന്നിവരുടെ സേവനം, 8 കിടക്കകളോട് കൂടിയ സ്പൈനൽ കോർഡ് ഇഞ്ച്വറി റീഹാബിലിറ്റേഷൻ യൂണിറ്റ്, ഓഡിറ്ററി വെർബൽ തെറാപ്പി എന്നീ സേവനങ്ങൾ നൽകി വരുന്നു.

**ബാച്ചിലർ ഓഫ് ഒക്യുപ്പേഷണൽ തെറാപ്പി കോഴ്സ് :**
ഭിന്നശേഷി മേഖലയിൽ മികച്ച പ്രോഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള ആരോഗ്യ സർവ്വകലാശാലയുമായി (KUHS) അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന 4 1/2 വർഷം ദൈർഘ്യമുള്ള പ്രോഫഷണൽ ബിരുദ കോഴ്സ് ആയ ബാച്ചിലർ ഓഫ് ഒക്യുപ്പേഷണൽ തെറാപ്പി (BOT) കോഴ്സ് ഈ സ്ഥാപനത്തിൽ നടത്തുന്നു.

**D.Ed സ്പെഷ്യൽ എഡ്യൂക്കേഷൻ കോഴ്സ് :**
റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ (RCI) അംഗീകാരത്തോടെ രണ്ട് വർഷം ദൈർഘ്യമുള്ള സ്പെഷ്യൽ എഡ്യൂക്കേഷൻ ഡിപ്ലോമ കോഴ്സുകൾ NIPMR നടത്തുന്നു.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ ഭിന്നശേഷി മേഖലയിലെ പദ്ധതികൾ ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്

| | | | |
|---|---|---|---|
| | | | എന്നിവ മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതികൾ സ്ഥാപന അടിസ്ഥാനത്തിൽ വിലയിരുത്തൽ നടത്തി വരുന്നുണ്ട്.<br><br>ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സർക്കാർ താഴെ പറയുന്ന സഹായങ്ങൾ ചെയ്തു വരുന്നു.<br><br>1. അന്ധ/ബധിര-മൂക വിദ്യാലയങ്ങൾക്ക് സർക്കാർ സഹായം<br><br>2. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾക്ക് സ്പെഷ്യൽ സ്കൂൾ പാക്കേജിന്റെ ഭാഗമായി 45 കോടിയുടെ ഗ്രാന്റ്.<br><br>3. പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 8 വരെ പഠിക്കുന്ന ഭിന്നശേഷി കുട്ടികൾക്ക് (HI, VI, OH, MR) സാമ്പത്തിക സഹായം (15 കോടി).<br><br>4. 10-ാം ക്ലാസിലെ പൊതു പരീക്ഷയെഴുതുന്നതിന് ഭിന്നശേഷി കുട്ടികൾക്ക് വിവിധ ആനുകൂല്യങ്ങളും നൽകിവരുന്നു.<br><br>5. SCERT, SSK മുഖേന അക്കാദമിക പിന്തുണ ഭിന്നശേഷി കുട്ടികൾക്ക് നൽകുന്നു. |
| (ബി) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗിന്റെ പുരോഗതിയ്ക്കായി ഈ സർക്കാർ നടത്തിയിട്ടുള്ള ഇടപെടൽ വിശദീകരിക്കാമോ; നിഷിനെ സർവകലാശാലയായി ഉയർത്തുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | (ബി) ഈ സർക്കാർ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ഉദ്ഘാടനം ചെയ്തിട്ടുള്ള നിഷ് ലെ പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br><br>**1. സെൻറർ ഫോർ റിസ്ർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ്**<br><br>ഭിന്നശേഷിക്കാരുടെ ജീവിത നിലവാരം വികസിപ്പിക്കാൻ ഏറ്റവും നൂതനമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക, ഭിന്നശേഷി ഗവേഷണ രംഗത്ത് മാതൃകാപരമായ മാറ്റം കൈവരിക്കുക എന്ന ലക്ഷ്യങ്ങളോടെയാണ് സെൻറർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ് നിഷ്-ൽ പ്രവർത്തനം ആരംഭിക്കുന്നത്.<br><br>**2. നിഷ്- സെൻസറി പാർക്ക് 'സഫൽ സെൻസറിയം'**<br><br>ഇന്ദ്രിയാധിഷ്ഠിതമായ ഒരു പഠനരീതിയാണ് ആണ് സെൻസറി പാർക്ക് എന്ന ആശയത്തിലൂടെ നിഷ് മുന്നോട്ടുവയ്ക്കുന്നത്. |

| | | | |
|---|---|---|---|
| | | | **3. SIPDA യുടെ കീഴിൽ തടസ്സങ്ങളില്ലാത്ത പശ്ചാത്തലസൗകര്യം**<br><br>(ആക്സസ്സിബിൾ കാംപസ്- കേന്ദ്ര ഗവൺമെൻറ് ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി)<br><br>ആക്സസിബിൾ ബുക്ക് ക്രീയേഷൻ. എല്ലാ ഭിന്നശേഷികൾക്കും ഒരുപോലെ പ്രാപ്യമായ കഥാപുസ്തകങ്ങളുടെ നിർമാണമാണ് ആക്സസ്സിബിൾ ബുക്ക് ക്രിയേഷൻ പദ്ധതി.<br><br>**4. ബധിരർക്കും, ശ്രവണ പരിമിതർക്കുമായി ദ്വിഭാഷാ സ്കൂൾ**<br><br>ബധിരരും ശ്രവണപരിമിതിയുള്ളവരുമായ കുട്ടികളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് പ്രായാനുസൃതമായി വികസിപ്പിക്കുന്നതിന് ദ്വിഭാഷാ സമീപനത്തിലൂടെ ഒരു സ്കൂൾ തുടങ്ങുക എന്നതാണ് നിഷ് ലക്ഷ്യമിടുന്നത്.<br><br>**5. ശ്രവണപരിമിതരായ കൊച്ച് കുട്ടികൾക്കായി റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ**<br><br>1997 മുതൽ നിഷ് ശ്രവണ പരിമിതിയുള്ള (എച്ച്ഐ) കുട്ടികൾക്കായി നടത്തിവരുന്ന ഏർലി ഇന്റർവെൻഷൻ പ്രോഗ്രാം (ഇഐപി), ജനനം മുതൽ ആറ് വയസ്സ് വരെയുള്ള കേൾവിക്കുറവുമുള്ള കുട്ടികളിൽ പ്രായാനുസൃതമായ ഭാഷാ വികസനം,വായിക്കാനും, എഴുതാനും, അടിസ്ഥാന ഗണിത പ്രവർത്തനങ്ങൾ ചെയ്യാനും ഉള്ള വൈദഗ്ധ്യം എന്നിവ സാധ്യമാക്കി അവരെ മുഖ്യധാരാ വിദ്യാഭ്യാസത്തിനു പ്രാപ്തരാക്കുകയാണ് ചെയ്യുന്നത്.<br><br>**6. നാഷണൽ സെന്റർ ഫോർ അസിസ്റ്റീവ് ഹെൽത്ത് ടെക്നോളജി**<br><br>ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചും നിഷും ചേർന്ന് നടത്തുന്ന ഒരു പദ്ധതിയാണ് നാഷണൽ സെന്റർ ഫോർ അസിസ്റ്റീവ് ഹെൽത്ത് ടെക്നോളജി.<br><br>**നിഷിനെ സർവകലാശാലയായി ഉയർത്തുന്നതിന്റെ സാദ്ധ്യത പരിശോധിച്ച് വരുന്നു.** |
| (സി) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷനിൽ ഈ | (സി) | (സി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (NIPMR) |

| | | | |
|---|---|---|---|
| | സർക്കാർ ആരംഭിച്ച പുതിയ പദ്ധതികൾ സംബന്ധിച്ചും പ്രവർത്തനങ്ങൾ സംബന്ധിച്ചും വിശദമാക്കുമോ? | | മുഖാന്തിരമുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

## NIPMR-ൽ ഈ സർക്കാർ ആരംഭിച്ച നൂതന പദ്ധതികൾ :

**ഇൻസ്ട്രുമെന്റ് ഗെയ്റ്റ് ആന്റ് മോഷൻ അനാലിസിസ് ലാബ്** (79 ലക്ഷം) **:** കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സാമ്പത്തിക സഹായത്തോടെനടത്തുന്ന പദ്ധതിയാണിത്. കമ്പ്യൂട്ടറുമായി ബന്ധിപ്പിച്ച നിരവധി ക്യാമറകളുടെ സഹായത്തോടെയാണ് ഓരോ വ്യക്തിയുടേയും ചലന പ്രശ്നങ്ങൾ രേഖപ്പെടുത്തുന്നത്. ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ EMG ഇലക്ട്രോഡുകൾ സ്ഥാപിച്ച് വ്യക്തിയുടെ ചലനങ്ങൾ പഠിക്കുന്നു. ക്യാമറകൾ രേഖപ്പെടുത്തുന്ന ചലനങ്ങൾ കമ്പ്യൂട്ടറിലൂടെ വിശകലനം ചെയ്ത് ചികിത്സക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നു. പ്രത്യേക തെറാപ്പി ആരംഭിക്കുന്നതിന് മുൻപ് ഗെയ്റ്റ് അനാലിസിസ് നടത്തുകയും ചികിത്സാ ഇടവേളകളിൽ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. സെറിബ്രൽ പാൾസി ബാധിതരായ കുട്ടികളുടേയും മുതിർന്നവരുടേയും ചലനങ്ങൾ വിലയിരുത്തുന്നതിനുള്ള ഉത്തമ മാർഗ്ഗമാണ് ഗെയ്റ്റ് അനാലിസിസ്.

**വെർച്ച്വൽ റിയാലിറ്റി ബേസ്ഡ് റിഹാബിലിറ്റേഷൻ സിസ്റ്റം** (64 ലക്ഷം)**:** പ്രതീതി യഥാർത്ഥ്യം **(Virtual Reality)** അടിസ്ഥാനമാക്കിയുള്ള എക്സർസൈസുകളും ഓഗ്മെന്റഡ് റിയാലിറ്റിയുടെയും കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെയും സഹായത്തോടെയുള്ള ഒരു കൂട്ടം ക്ലിനിക്കൽ ഇടപെടലുകളെയാണ് വെർച്ച്വൽ റിഹാബിലിറ്റേഷൻ എന്ന് പറയുന്നത്**.** ഒരു മൾട്ടി മോഡൽ സെൻസറി ഇൻഫർമേഷന്റെ സഹായത്തോടെ കൂടുതൽ കായിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ വ്യക്തിഗത ഇടപെടൽ സാധ്യമാക്കുന്നതിനും ഈ സംവിധാനം പ്രയോജനപ്പെടും**.**

**വീൽ ട്രാൻസ് പ്രോജക്റ്റ് (MLA-SDF)** (24.02 ലക്ഷം) **:** ഭിന്നശേഷിക്കാർക്ക് തടസ രഹിത പ്രവേശനവും സഞ്ചാരവും ഉറപ്പാക്കുന്നതിനായുള്ള രൂപമാറ്റം വരുത്തിയ ആംബുലൻസ് ആണ്

വീൽ ട്രാൻസ്. മുൻ ഇരിങ്ങാലക്കുട MLA പ്രൊഫ. കെ.യു അരുണൻ മാസ്റ്ററുടെ സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നുമാണ് ഇതിനാവശ്യമായ തുക അനുവദിച്ചത്. ഡിമാന്റ് റെസ്പോൺസ് ട്രാൻസ്പോർട്ട് ആയും ഈ സംവിധാനം ഉപയോഗിക്കാം.

**ന്യൂറോ ഫിസിയോതെറാപ്പി യൂണിറ്റ് :** (103 ലക്ഷം) നാഡീ സംബന്ധവും ന്യൂറോ വാസ്കുലാർ സംബന്ധവുമായ പ്രശ്നങ്ങൾ കാരണം ചലന ശേഷിയിലും പ്രവർത്തന ക്ഷമതയിലും ബുദ്ധിമുട്ട് നേരിടുന്ന വ്യക്തികളെ ചികിത്സിക്കുന്ന രീതിയാണ് ന്യൂറോ ഫിസിയോതെറാപ്പി. ഹ്യൂബർ 360 ഉൾപ്പെടെയുള്ള ആധുനികമായ സംവിധാനമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്.

**പോട്ടറി ആന്റ് സിറാമിക്ക് യൂണിറ്റ്** (17.4 ലക്ഷം) **:** ഭിന്നശേഷിക്കാരുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതോടെ അവരുടെ സാമൂഹ്യ ഇടപെടൽ മെച്ചപ്പെടുത്തുന്നതിനും സർഗാത്മക ശേഷി വളർത്തുന്നതിനും സാധിക്കും. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് **NIPMR-**ൽ ഒരു ആർട്ട് എബിലിറ്റി സെൻററും ആരംഭിക്കുകയുണ്ടായി. ആ പദ്ധതിയുടെ ഒരു ഘടകമാണ് പോട്ടറി **&** സിറാമിക്ക് യൂണിറ്റ്.

**റിഹാബ് എക്സ്പ്രസ്സ്** (96.07 ലക്ഷം) **:** KSSM-ന്റെയും NIPMR-ന്റെയും സംയുക്ത പദ്ധതി. KSRTC ൽ നിന്നും ഒരു ലോ ഫ്ലോർ AC ബസ് വാടകക്ക് എടുത്ത് ആവശ്യമായ രൂപ മാറ്റം വരുത്തി ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്യുപെഷണൽ തെറാപ്പി എന്നിവർക്ക് ആവശ്യമായ സൗകര്യം ഒരുക്കി വിവിധ പ്രദേശങ്ങളിൽ ക്യാമ്പുകൾ നടത്തി ഭിന്നശേഷിക്കാർക്ക് സേവനം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

**ഭിന്നശേഷിക്കാരുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനായി മ്യൂസിക് ആന്റ് ഡാൻസ് തിയറ്റർ സ്ഥാപിക്കൽ (11.5 ലക്ഷം) :** ഭിന്നശേഷിക്കാരുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനും മാനസികവും ശാരീരികവും സാമൂഹികവുമായ ഇടപെടലുകൾ വളർത്താനും കല പ്രധാന പങ്ക് വഹിക്കുന്നു. ഇത് കണക്കിലെടുത്ത് ഒരു **മ്യൂസിക് ആന്റ്** ഡാൻസ് തിയറ്റർ സ്ഥാപിച്ചിട്ടുണ്ട്.

**ചൈൽഡ് ഡെവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ (CDRC) (17.58 ലക്ഷം) :** NIPMR-ൽ 0-3 വയസ്സിനിടയിലുള്ള വളർച്ചാ വിളംബമുള്ള കുട്ടികൾക്കായി **ചൈൽഡ് ഡെവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ** പ്രവർത്തിക്കുന്നു.

**എർഗോ ലാബ് (3.7 ലക്ഷം) :** ഓരോരുത്തരുടേയും ശരീര പ്രകൃതിയ്ക്ക് അനുയോജ്യമായ രീതിയിൽ നിത്യോപയോഗ വസ്തുകൾ/ ഉപകരണങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനും രൂപ മാറ്റം വരുത്തുന്നതിനുമുള്ള സംവിധാനമാണ് എർഗോ ലാബ്.

**വൊക്കേഷണൽ റിഹാബിലിറ്റേഷന്റെ ഭാഗമായി ഭിന്നശേഷിക്കാരെ സ്വയം പര്യാപ്തരാക്കാൻ Empowerment through Vocationalisation എന്ന പദ്ധതി (39.07 ലക്ഷം)** : 18 വയസ്സ് പൂർത്തിയായ ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം, ഫംഗ്ഷണൽ അക്കാദമിക്സ് എന്നിവയിൽ പരിശീലനം നൽകുന്നതിനും അതുവഴി അനുയോജ്യമായ തൊഴിൽ കണ്ടെത്താനും സ്വയം പര്യാപ്തരാകാനും സഹായിക്കുന്ന പദ്ധതി.

**സെറിബ്രൽ പാൾസി റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ (177 ലക്ഷം)** സെറിബ്രൽ പാൾസി ബാധിതരായവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കുന്ന സെറിബ്രൽ പാൾസി റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ

**സാറ്റലൈറ്റ് സെന്റർ അങ്കമാലി : NIPMR** ന്റെ പ്രവർത്തനങ്ങൾ ഇതര ജില്ലകൾക്ക് കൂടി ലഭ്യമാക്കുന്നതിന്റെ ഭാഗമായി അങ്കമാലി ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് ആഴ്ചയിൽ ഒരിക്കൽ ഫിസിയോ, സ്പീച്ച്, ഒക്യുപ്പേഷണൽ, ബിഹേവിയറൽ തെറാപ്പികൾ നൽകുന്നു. അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാന സൗകര്യം ഒരുക്കിത്തരികയും NIPMR പ്രൊഫഷണൽ പിന്തുണ നൽകുകയും ചെയ്യുന്നു.

**സ്പെഷ്യൽ ട്രെയിനിംഗ് ആന്റ് എംപവർമെന്റ് പ്രോഗ്രാം ഫോർ പാരന്റ്സ് (STEPS):** നേരത്തേയുള്ള ഇടപെടൽ പദ്ധതിയുടെ ഭാഗമായി സ്കൂൾ കാലഘട്ടത്തിന് മുൻപ് കണ്ടെത്താൻ കഴിയുന്ന ഭിന്നശേഷി പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഇത്തരം കുട്ടികളോടൊപ്പം രക്ഷിതാക്കളേയും ശാക്തീകരിച്ച് അവരുടെ ഉന്നമനത്തിനായി സ്പെഷ്യൽ ട്രെയിനിംഗ് ആന്റ് എംപവർമെന്റ് പ്രോഗ്രാം ഫോർ പാരന്റ്സ് **(STEPS)** ആരംഭിച്ചിട്ടുണ്ട്.

**ദന്ത പരിചരണ വിഭാഗം :** NIPMR-ന്റെ സേവനം പ്രയോജനപ്പെടുത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് പ്രത്യേകിച്ച് കുട്ടികൾക്ക് പല തരത്തിലുള്ള ദന്ത രോഗങ്ങളും അനുബന്ധ പ്രശ്നങ്ങളും ഉണ്ടെന്നും ഇത് പലതരത്തിലുള്ള ബിഹേവിയറൽ പ്രശ്നങ്ങൾക്ക് കാരണമാകുന്നു എന്നും ഡെന്റൽ ഹൈജീനിന്റെ ഭാഗമായി ഒരു ഡെന്റിസ്റ്റിന്റെ സേവനം അത്യാവശ്യമാണ്. ഇത്തരം കുട്ടികൾക്ക് ആവശ്യമായ ദന്ത പരിചരണം മറ്റ് ഡെന്റൽ കെയർ സെന്ററുകളിൽ ലഭ്യമല്ല. ഈ കുറവ് പരിഹരിക്കുന്നതിന് കൺസൾട്ടൻസി അടിസ്ഥാനത്തിൽ ഒരു ഡെന്റിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നത് ഉചിതമായിരിക്കും എന്നതിന്റെ അടിസ്ഥാനത്തിൽ NIPMR ന്റെ അഭ്യുദയകാംഷിയായ ശ്രീ. ആനന്ദ് ജോർജ്ജ് സംഭാവനയായി നൽകിയ 4 ലക്ഷം രൂപ പ്രയോജനപ്പെടുത്തി NIPMR-ൽ ഒരു ഡെന്റൽ യൂണിറ്റ് തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ സ്വാശ്രയ മാതൃകയിൽ ഈ യൂണിറ്റ് പ്രവർത്തിക്കുന്നു.

Jasmin Thomas

# സാമൂഹ്യ നീതി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

## അനുബന്ധം I

| ക്രമ നം. | പദ്ധതിയുടെ പേര് | പദ്ധതി വിവരണം | വിലയിരുത്തൽ |
|---|---|---|---|
| 1 | വിദ്യാകിരണം | 40%മോ അതിന് മുകളിലോ ഭിന്നശേഷിക്കാരായ രക്ഷകർത്താക്കളുടെ (മാതാവ്/പിതാവ്/രണ്ടു പേരും) മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി. ഒന്നാം ക്ലാസ് മുതൽ Degree, PG, Poly Technic, വരെയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. അർഹത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ സാമ്പത്തിക വർഷവും ധനസഹായം അനുവദിച്ചു വരുന്നു . എല്ലാ സാമ്പത്തിക വർഷവും പദ്ധതി നിർവ്വഹണത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധിച്ച് തയ്യാറാക്കുന്നുണ്ട്. | |
| 2 | വിദ്യാജ്യോതി | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒൻപതാം ക്ലാസ്സ് മുതൽ PG തലം വരെയുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം എല്ലാ സാമ്പത്തികവർഷവും അനുവദിച്ചുവരുന്നുണ്ട്. | |
| | ഭിന്നശേഷി | 40% യോഗ്യതാ മാർക്കുള്ള ഒന്നാം ക്ലാസ് മുതൽ Professional, PG | |

| | | | |
|---|---|---|---|
| 3 | കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | courses വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി എല്ലാ വർഷവും നടപ്പിലാക്കി വരുന്നുണ്ട് . | |
| 4 | വിദൂര വിദ്യാഭ്യാസ ധനസഹായം | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഓപ്പൺ സ്കൂൾ/കോളേജ്, വിദൂര വിദ്യാഭ്യാസം മുഖേന ഡിഗ്രി തലത്തിലും പി.ജി തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വര് ഷം വരെ ധനസഹായം നല് കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട് | |
| 5 | വിജയാമൃതം | ഭിന്നശേഷിക്കാരായ വിദ്യാർ ത്ഥികളിൽ ബിരുദം/തത്തുല്യ കോഴ്സുകൾ, ബിരുദാനന്തര ബിരുദം / പ്രൊഫഷണൽ ബിരുദം വിഭാഗങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് ധന സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. | |
| 6 | പരിണയം I | സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമായി 30,000/- രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി | |
| 7 | പരിണയം II | സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 30,000/-രൂപ നൽകുന്ന പദ്ധതി | |
| | | | |

| | | | |
|---|---|---|---|
| 8 | നിരാമയ | നാഷണൽ ട്രസ്റ്റ് ആക്ട്, 1999 പരിധിയിൽ ഉൾപ്പെടുന്ന (ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ്) ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് നല്കുന്നതിനുള്ള പദ്ധതി | |
| 9 | കാഴ്ച പരിമിതി നേരിടുന്ന അഡ്വക്കേറ്റുമാർക്കുള്ള പദ്ധതി | സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടിസ് ചെയ്യുന്ന കാഴ്ചാ പരിമിതിയുള്ള അഡ്വക്കേറ്റുമാർക്ക് എക്സ്ഗ്രേഷ്യാ അലവന് സും വായനാ സഹായി അലവൻസും അനുവദിക്കുന്ന പദ്ധതി | |
| 10 | സഹായ ഉപകരണ വിതരണ പദ്ധതി | ഭിന്നശേഷിത്വം മറികടക്കാനും ജീവിതം ആയാസ രഹിതമാക്കാനും ഉകതുന്ന നൂതന സാങ്കേതിക ഉപകരണങ്ങൾ നല് കുന്നതിലൂടെ അവരുടെ പുനരധിവാസവും ഉറപ്പ് വരുത്തുന്ന പദ്ധതി. | |
| 11 | വികാലംഗ ദുരിതാശ്വാസ നിധി | ഭിന്നശേഷിക്കാർക്ക് ചികിത്സയ്ക്കായി ധനസഹായം നൽകുന്ന പദ്ധതി. ചികിത്സയിലാണെന്ന് ബന്ധപെട്ട ഡോക്ടർ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നു. | |
| 12 | മാതൃജ്യോതി പദ്ധതി | ഭിന്നശേഷി അവകാശ നിയമം, 2016 പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ആദ്യ 2 വർഷങ്ങളിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി. ഒരാൾക്ക് പരമാവധി 2 തവണ മാത്രമേ ആനുകൂല്യം | |

| | | | |
|---|---|---|---|
| | | അനുവദിക്കുകയുള്ളൂ | |
| 13 | സ്വാശ്രയ പദ്ധതി | ഭർത്താവ് ഉപേക്ഷിച്ചതോ/ മരണപ്പെട്ടതോ ആയതും തീവ്ര ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കേണ്ടി വരുന്നതുമായ മാതാവിന്/രക്ഷിതാവിന് (സ്ത്രീകൾ) സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായമായി 35,000/-രൂപ അനുവദിച്ചുവരുന്നു . | |
| 14 | നിയമപരമായ രക്ഷാകർതൃത്വം | നാഷണൽ ട്രസ്റ്റ് ആക്ട്, 1999 പ്രകാരം ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച വ്യക്തികൾക്ക് നിയമപരമായി രക്ഷകർത്താവിനെ കണ്ടെത്തി ലീഗൽ ഗാർഡിയൻഷിപ്പ് നല്കുന്നു. ഒരു കുട്ടിക്ക് 18 വയസ്സാകുന്നതു വരെ എല്ലാ രക്ഷിതാക്കളും അവരുടെ കുട്ടികളുടെ നിയമപരമായ രക്ഷിതാക്കളായിരിക്കും. നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് 18 വയസ്സ് കഴിഞ്ഞാലും നിയമപരമായ തീരുമാനങ്ങൾ കൈകൊള്ളുന്നതിന് പ്രാപ്തരാവണമെന്നില്ല. ഇവരുടെ സ്വത്ത് സംബന്ധമായും മറ്റുമുള്ള കാര്യങ്ങളിൽ ഇവരെ പ്രതിനിധീകരിക്കുന്നതിന് നിയമപരമായ രക്ഷാകർതൃത്വം അനുവദിച്ച് നൽകേണ്ടിയിരിക്കുന്നു. ജില്ലാ കളക്ടർ ചെയർമാനായ നാഷണൽട്രസ്റ്റിന്റെ ലോക്കൽ ലെവൽ കമ്മറ്റിക്കാണ് ഇത് നൽകുന്നതിനുള്ള അധികാരം | പദ്ധതി നിരീക്ഷിയ്ക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപനം ചെയ്യുന്നതിനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ലോക്കൽ ലെവൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 15 | പരിരക്ഷാ പദ്ധതി | അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാര്<br>ക്ക് ആയത് അതിജീവിക്കുന്നതിനും സമൂഹത്തിൽ അവർ ഒറ്റയ്ക്കല്ല എന്ന വിശ്വാസം ഉണ്ടാക്കിയെടുക്കുന്നതിനും സര്]ക്കാരിന്റെ/ വകുപ്പിന്റെ മറ്റ് പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്തതും വളരെ പരിതാപകരമായ അവസ്ഥയിലുള്ള ഭിന്നശേഷിക്കാര്<br>ക്കും ഒന്നിൽ കൂടുതൽ ഭിന്നശേഷിക്കാരായ വ്യക്തികൾ ഉള്ള, കുടുംബങ്ങൾക്കും ധനസഹായം അനുവദിക്കുന്ന പദ്ധതി | എല്ലാ സാമ്പത്തിക വർഷവും പദ്ധതി നിർവ്വഹണത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധിച്ച് തയ്യാറാക്കുന്നുണ്ട്. |
| 16 | ശ്രേഷ്ഠം പദ്ധതി | കലാ-കായിക രംഗത്ത് മികവ് പുലർത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതി. കലാ-കായിക മേഖലകളിൽ സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നവരോ, സംസ്ഥാന/ദേശീയതല മത്സരങ്ങളിൽ ശ്രദ്ധിക്കപ്പെട്ടവരോ ആയ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാവുന്നതാണ് | |
| 17 | ഇംപ്രസ്റ്റ് മണി | പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥരുടേയും അശരണരുടേയും പുനരധിവാസം ഉറപ്പാക്കൽ, ഇവർക്ക് അടിയന്തര സഹായം ഉൾപ്പെടെ നല്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതി | |
| 18 | സഹചാരി | ഗവൺമെന്റ്, എയ്ഡഡ്, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠന കാര്യത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതും വിദ്യാഭ്യാസ സ്ഥാപനത്തിന് പുറത്തും | |

| | | | |
|---|---|---|---|
| | | ഭിന്നശേഷിക്കാർക്കായി നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിലും മറ്റ് പരിപാടികളിലും സഹായിക്കുന്നതുമായ NSS / NCC / SPC യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി | |
| 19 | സ്നേഹയാനം | നാഷണൽ ട്രസ്റ്റ് നിയമത്തിൽ ഉൾപ്പെട്ട ഭിന്നശേഷിക്കാരുടെ നിർധനരരും മറ്റ് വരുമാന മാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്തവരും ഭർത്താവ് ഉപേക്ഷിച്ചതോ/മരിച്ചതോ ആയ അമ്മമാർക്ക് ഇലക്ട്രിക് ഓട്ടോ നല്കുന്ന പദ്ധതി | അനുയോജ്യമായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ടെക്‌നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| 20 | NISH ONLINE INTERACTIVE DISABILITY AWERNESS SEMINAR (NIDAS) | ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്കും, ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്കും പരിശീലനം നൽകുന്ന പദ്ധതി. നിഷ് (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്) മുഖേനയാണ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ ഭാഗമായി എല്ലാ മാസവും യോഗം ചേരുകയും, വിവിധ സെക്ഷനുകളിലായി ക്ലാസ്സുകൾ നടത്തുകയും ചെയ്യുന്നു<br>എല്ലാ സാമ്പത്തിക വർഷവും പദ്ധതി നിർവ്വഹണത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധിച്ച് തയ്യാറാക്കുന്നുണ്ട്. | എല്ലാ സാമ്പത്തിക വർഷവും പദ്ധതി നിർവ്വഹണത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധിച്ച് തയ്യാറാക്കുന്നുണ്ട്. |
| | പരിമിത രക്ഷകർ | മതിയായതും, ഉചിതമായതുമായ പിന്തുണ കൊടുത്തിട്ടും, ഭിന്നശേഷിക്കാരനായ ഒരു വ്യക്തിയെ സംബന്ധിച്ചോ ആ വ്യക്തിയുടെ വസ്തുവകകളെ സംബന്ധിച്ചോ നിയമ സാധുതയുള്ള തീരുമാനം കൈക്കൊള്ളുന്നതിന് ശാരീരിക- മാനസിക പരിമിതികളുള്ളവര്<br>ക്ക് വേണ്ടി ഒരു നിശ്ചിത കാലയളവിൽ ഒരു പ്രത്യേക കാര്യം | 2020 ലെ ഭിന്നശേഷി അവകാശ ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം Revenue Divisional Officer മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| 21 | ത്വം (Limited Guardianship) | നിർവ്വഹിക്കുന്നതിനുവേണ്ടി ഭിന്നശേഷിക്കാരന്റെ സമ്മത പ്രകാരം മറ്റൊരു വ്യക്തിയെ ചുമതലപ്പെടുത്തുന്ന സംവിധാനമാണ് പരിമിത രക്ഷാകർ ത്വം. സബ് ഡിവിഷണൽ മജിസ്ട്രേറ്റ് (RDO) മാരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് | |
| 22 | സൈക്കോ സോഷ്യൽ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കൽ | കേരള സൈക്കോ-സോഷ്യൽ റൂൾ 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് നൽകി വരുന്നു. | ജില്ലാതല അപ്രൈസൽ കമ്മിറ്റി സ്ഥാപങ്ങൾ സന്ദർ ശിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നു . |
| 23 | അതിജീവനം | ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ സംരക്ഷണത്തിനും സാമൂഹിക മുന്നേറ്റത്തിനുമായുള്ള സമഗ്ര പദ്ധതി. സമൂഹത്തിൽ നിരാലംബരും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നതുമായ ഭിന്നശേഷിക്കാരുടെ അഭിരുചികൾ കണ്ടെത്തി തൊഴിൽ പരിശീലനം നല്കി പുനരധിവസിപ്പിക്കുന്നതിനായി 2 സർക്കാർ തൊഴിൽ പരിശീന കേന്ദ്രങ്ങളുണ്ട്. എന്നാൽ ആവശ്യക്കാരുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ മതിയായ സർക്കാർ സ്ഥാപനങ്ങളുടെ എണ്ണം വളരെ കുറവാണ്. ഇത്തരം സാഹചര്യങ്ങളിൽ സർക്കാരിതര ഏജൻസികളുടെ സഹകരണത്തോടെ ഭിന്നശേഷിക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിന് അതിജീവനം സമഗ്ര പദ്ധതി നടപ്പിലാക്കുന്നു | സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി ചേർന്ന് പദ്ധതി വിലയിരുത്തുന്നു . |
| | | | ഡയറക്ടർ. IMHANS, |

| | | | |
|---|---|---|---|
| 24 | മൊബിലിറ്റി മിഷൻ കേരള പദ്ധതി | സെറിബ്രൽ പാൾസി ഉൾപ്പടെ ബുദ്ധിപരവും ശാരീരികവുമായി പരിമിതികളുള്ള കുട്ടികളെ കണ്ടെത്തി സാധ്യമായ വൈദ്യശാസ്ത്ര പരിചരണവും (കറക്റ്റീവ് സർജറി ഉൾപ്പടെ) പുനരധിവാസവും, രക്ഷിതാക്കൾക്ക് പരിശീലനവും നല്കി തീവ്രഭിന്നശേഷിത്വത്തിലേക്ക് നയിക്കുന്നത് തടയുന്നതിനും, സ്വന്തമായോ അനുബന്ധ ഉപകരണങ്ങളുടെ സഹായത്തോടെയോ നടക്കാൻ പ്രാപ്തരാക്കുന്നതിനും, അനുയോജ്യമായ പരിശീലന ഉപകരണങ്ങൾ നല്കുന്നതിനും സാമൂഹ്യ നീതി വകുപ്പിന്റെയും മലപ്പുറം വളാഞ്ചേരി വി.കെ.എം. സ്പെഷ്യൽ സ്കൂളിന്റെയും സംയുക്തസംരംഭമായ മൊബിലിറ്റി മിഷൻ കേരള പദ്ധതി 2018-19 വർഷം മുതൽ നടപ്പിലാക്കിവരുന്നു. | കോഴിക്കോട് , & Associated Professor, Govt. Medical College Kozhikode എന്നവർ അംഗങ്ങളായ മോണിറ്ററിംഗ് കമ്മിറ്റി ,മലപ്പുറംജില്ലാസാമൂഹ്യനീതിഓഫീസർ എന്നിവർ പദ്ധതിവിലയിരുത്തുന്നു |
| 25 | CDMRP (Community Disability Management and Rehabilitation Programme) | ബുദ്ധിവികാസ പരിമിതിയുള്ളവർക്കുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡിസബിലിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് ഭിന്നശേഷിപ്രതിരോധം, ചികിത്സാ-പുനരധിവാസ-പരിശീലന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി കമ്യൂണിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് സാമൂഹ്യനീതിവകുപ്പ് 2015-16 മുതൽ തുടർച്ചയായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് CDMRP | മലപ്പുറം ,കോഴിക്കോട് ,കണ്ണൂർ ജില്ലാ ഓഫീസർമാർ പദ്ധതി നടത്തിപ്പ് പരിശോധിച്ച് അസ്സെസ്സ്മെന്റ് റിപ്പോർട്ട് ലഭ്യമാക്കുന്നു .കൂടാതെ CDMRP പ്രൊജക്റ്റ് ഇവാലുവേഷൻ നടത്തുന്നതിനായി സ ഉ (സാധാ) നം 381/2021 സാ നി വാ തീയതി 03/06/2021 പ്രകാരം നിഷ് നെ ചുമതലപ്പെടുത്തിയിട്ടുള്ളതു പ്രകാരം NISH പ്രൊജക്റ്റ് ഇവാലുവേഷൻ നടത്തി പ്രാഥമിക റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| 26 | സംസ്ഥാന ഭിന്നശേഷി ദിനാചരണവും അവാർഡ് വിതരണവും | അന്താരാഷ്ട്ര ഭിന്നശേഷി ദിനമായ ഡിസംബർ 3 സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ ആചരിച്ചു വരുന്നു. ജില്ലാതലത്തിൽ ഭിന്നശേഷിക്കാർക്കായി കലാ-കായിക മേളകളും, വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ജില്ല കേന്ദ്രീകരിച്ച് സംസ്ഥാനതല ആഘോഷങ്ങളും സംഘടിപ്പിക്കുകയും അതോടൊപ്പം ഭിന്നശേഷിക്കാർക്കുള്ള സംസ്ഥാന അവാർഡ് വിതരണവും നടത്തുന്നു | |
| 27 | ബാരിയർ ഫ്രീ കേരള പദ്ധതി | ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അവകാശാധിഷ്ഠിത സാമൂഹ്യമുന്നേറ്റം ഉറപ്പിക്കുന്നതിനും ഭിന്നശേഷിക്കാരുടെ സഞ്ചാരത്തിന് അനുയോജ്യമായി പൊതുജനസേവനം നൽകുന്ന കെട്ടിടങ്ങളിൽ, സ്ഥലങ്ങൾ എന്നിവയിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പ്രതിബന്ധമുക്തമാകുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണ് 'ബാരിയർ ഫ്രീ കേരള പദ്ധതി'. അപ്രകാരം ഭിന്നശേഷിക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളിലും അവയിൽ റാമ്പുകൾ, കൈവരികൾ, തടസങ്ങളില്ലാത്ത ലിഫ്റ്റുകൾ, വിശ്രമമുറികൾ, ശൗച്യ മുറികൾ, ബ്രെയിലിയിലെ പ്രത്യേക ചിഹ്നങ്ങൾ, ഇതുപോലുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുവാൻ നിർദ്ദേശിക്കുന്നു. | ജില്ലാ കളക്ടർ ചെയർമാനും ,ജില്ലാ സാമൂഹ്യ നീതി ഓഫീസർ കൺവീനറുമായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി കൂടി പദ്ധതി വിലയിരുത്തുന്നു |
| | | സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ഷേമ | |

| | | | |
|---|---|---|---|
| 28 | പ്രത്യാശ പദ്ധതി | സ്ഥാപനങ്ങളിലേയും ഓർഫനേജ് കണ്ട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചു വരുന്നതും സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിച്ചു വരുന്നതുമായ സൊക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിലും മാനസ്സിക രോഗം ഭേദമായിട്ടും / നിയന്ത്രണ വിധേയമായിട്ടു സ്വന്തം വീടുകളിൽ പോകുവാനോ കുടുംബത്തെ കണ്ടെത്തുവാനോ കഴിയാത്ത അന്യസംസ്ഥാനക്കാരെ സ്വന്തം ഭവനങ്ങളിലോ / കുടുംബത്തിലോ / സ്വദേശത്തേയ്ക്കോ എത്തിയ്ക്കുന്ന പദ്ധതിയാണ് പ്രത്യാശ പദ്ധതി<br>സ്റ്റേറ്റ് ലെവൽ കമ്മിറ്റി പദ്ധതി പ്രവർത്തങ്ങൾ വിലയിരുത്തുന്നു . | |
| 29 | പുനർജ്ജനി | പാലക്കാട് ജില്ലയിൽ അട്ടപ്പാടി ബ്ലോക്കിലെ മാനസിക രോഗബാധിതരായ ആദിവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കുന്ന പദ്ധതി. പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ആരോഗ്യം, പട്ടിക വർഗ്ഗ വികസനം, റവന്യൂ, തദ്ദേശ സ്വയം ഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോട് കുടി 50 പേരെ താമസിപ്പിക്കാവുന്ന കെയർ ഹോം അട്ടപ്പാടിയിൽ പ്രവർത്തിക്കുന്നു | ഒറ്റപ്പാലം സബ് കളക്ടർ ചെയർമാനായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് പദ്ധതി പ്രവർത്തനംവിലയിരു ത്തുന്നുണ്ട്. |
| | | ഭിന്നശേഷി അവകാശ നിയമം 2016-ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ 4% ഭിന്നശേഷി സംവരണം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നാല് ശതമാനം ഭിന്നശേഷി സംവരണം ഏർപ്പെടുത്തുന്നതിനായി കോമൺ കാറ്റഗറി വിഭാഗത്തിൽ ഭിന്നശേഷിക്കാര് | RPwD Act 2016 , സെക്ഷൻ 33 ൽ പരാമര് ശിച്ചിട്ടുള്ളതു പ്രകാരം ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| 30 | ഭിന്നശേഷിക്കാരുടെ നിയമനം | ക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തി ഉത്തരവായിട്ടുണ്ട്. 2677 സൂപ്പര് ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് താല്ക്കാലിക അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സേവനം അനുഷ്ഠിച്ചിട്ടുള്ള 2186 ഭിന്നശേഷിക്കാർക്ക് സ്ഥിര നിയമനം നല്കിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് സർക്കാർ സർവ്വീസിൽ അനുയോജ്യമായ 654 തസ്തികകളുടെ പോസ്റ്റ് ഐഡന്റിഫിക്കേഷൻ പൂർത്തിയാക്കുകയും ടി തസ്തികകൾക്ക് 4% ഭിന്നശേഷി സംവരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ സർവ്വീസിലുള്ള ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് പ്രൊമോഷനിൽ 4% സംവരണം അനുവദിക്കുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 15/07/2022 ൽ GO(P) No. 5/2022/SJD നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. | ആയതിന് നിഷിനെ ചുമതലപ്പെടുത്തുകയും തസ്തികകളുടെ Physical & Fuctionality Assessment നിഷ് മുഖേന നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ മോണിറ്ററിംഗ് കമ്മിറ്റി, സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള എക്സ്പെർട്ട് കമ്മിറ്റി എന്നിവ പ്രസ്തുത അസ്സസ്സ്മെന്റ് പരിശോധിക്കുകയും എക്സ്പെർട്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തു വരുന്നു. |
| 31 | RPwD രജിസ്ട്രേഷൻ | ഭിന്നശേഷി അവകാശ നിയമം 2016 സെക്ഷൻ 50 പ്രകാരം ഏതൊരു വ്യക്തിയും നിയുക്ത അധികാരി നല്കിയിട്ടുള്ള ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൂടാതെ ഭിന്നശേഷിക്കാരായ വ്യക്തികൾക്കുവേണ്ടിയുള്ള ഒരു സ്ഥാപനം ആരംഭിക്കുകയോ നടത്തിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. സംസ്ഥാന ഭിന്നശേഷി അവകാശ ചട്ടം അധ്യായം 2020 IV സെക്ഷൻ 12 (1) പ്രകാരം ഭിന്നശേഷി സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നല്കുന്നതിനുള്ള Competent Authority ആയി സാമൂഹ്യനീതി വകുപ്പ് ജോയിന്റ് | |

| | | | |
|---|---|---|---|
| | | ഡയറക്ടറേയും അപ്പലേറ്റ് അതോറിറ്റിയായി സാമൂഹ്യനീതി ഡയറക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഭിന്നശേഷിക്കാരുടെ ക്ഷേമം, വികസനം, തൊഴിൽ നൈപുണ്യം, പരിശീലനം, പുനരധിവാസം, ചികിത്സ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ, സ്പെഷ്യൽ സ്കൂളുകൾ, തെറാപ്പി സെന്ററുകൾ, സൈക്കോ-സോഷ്യൽ സ്ഥാപനങ്ങൾ തുടങ്ങിയവ രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേകം നടപടിക്രമങ്ങൾ അംഗീകരിച്ചിട്ടുണ്ട്. എല്ലാ വിഭാഗം സ്ഥാപനങ്ങൾക്കും പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് വരെ ഓരോ മേഖലയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേകമായി അംഗീകരിച്ചിട്ടുള്ള ഗൈഡ് ലൈൻസ് പ്രകാരവും ഇതുവരെ ഗൈഡ് ലൈൻസ് പുറപ്പെടുവിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ G.O (MS) No.28/2013/സാ.നീ.വ തീയതി 25/03/2013 പ്രകാരമുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും രജിസ്റ്റർ ചെയ്യുന്നതാണ്. | |

Jasmin Thomas